# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4012      31/01/2014-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സാമ്പത്തിക സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ എത്ര പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ | പട്ടികവർഗ്ഗക്കാർക്കു സ്ഥലം വാങ്ങി നൽകുന്നതിനു സാമ്പത്തിക സഹായം നൽകിയിട്ടില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം 03.09.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 68/13/പജപവവിവ , 23.10.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 84/13/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കണ്ടെത്തി 10 ലക്ഷം രൂപയിൽ അധികരിക്കാതെ വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വീടു വയ്ക്കുന്നതിനായി 5617 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ബി | വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വീട് വയ്ക്കുന്നതിനും, സ്ഥലം വാങ്ങുന്നതിനും സഹായം നൽകിയിട്ടുണ്ട് ; | ബി | വൈപ്പിൻ മണ്ഡലത്തിൽ സ്ഥലം വാങ്ങി നൽകുന്നതിനും, വീട് വയ്ക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. ടി മണ്ഡലത്തിലെ 16 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം എടക്കാട്ട് വയലിൽ 6 സെന്റ് വീതം ഭൂമി ആദിവാസി പുനരധിവാസ ജില്ലാ മിഷൻ അനുവദിച്ചിട്ടുണ്ട്. |
| സി | ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | സി | ഇതിനായി പ്രത്യേക അപേക്ഷകൾ ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഭവന നിർമ്മാണ ധനസഹായം ഊരുകൂട്ട ലിസ്റ്റിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് പരിഗണിക്കുന്നത്. ആദിവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി പുനരധിവസിക്കപ്പെട്ട ടി 16 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുള്ളതും ഭവന നിർമ്മാണം ഉടൻ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ